# തദ്ദേശ അദാലത്ത്

## പത്തനംതിട്ട ജില്ല

**01/01/2025**

| | |
|---|---|
| ഡോക്കറ്റ് നമ്പർ | : CRPTA20180000049 |
| തദ്ദേശ സ്ഥാപനത്തിന്റെ പേര് | : പത്തനംതിട്ട നഗരസഭ |
| അപേക്ഷകന്റെ പേര് | : ശ്രീ. ജയൻ.റ്റി.വർഗ്ഗീസ് |
| മേൽവിലാസം | : തയ്യിൽപുത്തൻവീട്, കുമ്പഴ പി.ഒ പത്തനംതിട്ട 689653. |

**ഉപജില്ലാ അദാലത്ത് സമിതി അംഗങ്ങൾ**

1. വിനീത സോമൻ.എം, ഐ.വി.ഒ (കൺവീനർ, ഉപജില്ലാ അദാലത്ത് സമിതി-2)
2. സംഗീത പത്മരാജൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് (അംഗം, ഉപജില്ലാ അദാലത്ത് സമിതി-2)
3. മുഹമ്മദ് സിദ്ദിക്ക്, അസിസ്റ്റന്റ് ടൌൺ പ്ലാനർ, പത്തനംതിട്ട (അംഗം, ഉപജില്ലാ അദാലത്ത് സമിതി-2)

**പരാതിയുടെ വിഷയം** : വീട്ടിലേക്ക് കയറുന്നതിന് നടവഴി ഇല്ലാത്തതിനാൽ വീടിനു സമീപത്തുകൂടിയുള്ള തോട് നടവഴിയായി നൽകണമെന്നാണ് അപേക്ഷ

**<u>ഉപജില്ലാ അദാലത്ത് സമിതിയുടെ റിപ്പോർട്ട്</u>**

ശ്രീ. ജയൻ.റ്റി.വർഗ്ഗീസ്, തയ്യിൽപുത്തൻവീട് എന്നയാളുടെ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന സ്ഥലം കുത്തനെയുള്ള പ്രദേശവും നിലവിലുള്ള നടവഴി 80 സെ.മീ ശരാശരി വീതിയോടു കൂടിയതുമാണ്. പകുതി ദൂരം കഴിഞ്ഞാൽ ടി നടവഴി വീതി കുറവുള്ളതായും ഇരുവശങ്ങളിലും തുറസ്സായ പുരയിടങ്ങളോടുകൂടിയും കാണപ്പെടുന്നതിനാൽ നടവഴിയുടെ അതിർത്തി വ്യക്തമല്ല. നിലവിൽ ഇത് പൊതുവഴിയാണെന്ന് അപേക്ഷകൻ പറയുന്നുവെങ്കിലും പ്രസ്തുത സ്ഥലത്തിന്റെ സർവ്വേ നമ്പർ, സർവ്വേ സ്കെച്ച് എന്നിവ പരിശോധിച്ചെങ്കിൽ മാത്രമേ ഇതു സംബന്ധിച്ച് വ്യക്തത ഉണ്ടാവുകയുള്ളൂ. ആയതിനാൽ ടി സ്ഥലത്തിന്റെ സർവ്വേ നമ്പർ, സർവ്വേ സ്കെച്ച് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>ഉപജില്ലാ അദാലത്ത് സമിതിയുടെശുപാർശ</u>**

പരാതിയുമായി ബന്ധപ്പെട്ട സ്ഥലത്തിന്റെ സർവ്വേ നമ്പർ, സർവ്വേ സ്കെച്ച് എന്നിവ വില്ലേജ് ഓഫീസറിൽ നിന്ന് ലഭ്യമാക്കി തുടർ നടപടി സ്വീകരിച്ച് പരാതി പരിഹരിക്കുന്നതിന് പത്തനംതിട്ട നഗരസഭ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

കൺവീനർ
ഉപജില്ലാ അദാലത്ത് സമിതി-2
പത്തനംതിട്ട